# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5732 28.03.2018-ൽ മറുപടിയ്ക്ക്

### പ്രവാസി ക്ഷേമ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി. ജോസഫ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പ്രവാസി ക്ഷേമ വകുപ്പിന്റെ സാന്ത്വന, ചെയർമാൻ ഫണ്ട്, എന്നീ പദ്ധതികളിൽ നിന്ന് 2016-17, 2017-18 വർഷങ്ങളിൽ ധനസഹായമായി നൽകിയ തുക എത്രയെന്ന് അറിയിക്കാമോ; | (എ) പ്രവാസി ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സാന്ത്വന പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ 14,68,46,056/- രൂപ (പതിനാല് കോടി അറുപത്തെട്ട് ലക്ഷത്തി നാല്പത്താറായിരത്തി അമ്പത്താറ് രൂപ മാത്രം) ധനസഹായം നല്കിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 12 കോടി 70 ലക്ഷം രൂപയുള്ള സർക്കാർ ഉത്തരവുകൾ നല്കുകയും ഇതിനകം 6 കോടി 12 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കുടിശ്ശിക വിതരണത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.<br>ചെയർമാൻ ഫണ്ട് പദ്ധതിയിൽ കീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ 6,00,000/- രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 88,800/- രൂപയും നല്കിയിട്ടുണ്ട്. |
| ബി) പ്രവാസികളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ച പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് ഉൾപ്പെടെയുള്ള പദ്ധതികളിൽ നിന്ന് ലഭ്യമാകുന്ന സഹായം എന്തെല്ലാം ; വിശദമാക്കാമോ ; | ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്, 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15 ശതമാനം മൂലധന സബ്സിഡി, പരമാവധി 3 ലക്ഷം രൂപ വരെ നല്കുന്നു. കൂടാതെ വിജയകരമായി സംരംഭം നടത്തുന്നവർക്ക് ആദ്യത്തെ 4 വർഷം പലിശയിനത്തിൽ 3 ശതമാനം സബ്സിഡിയും ലഭിക്കുന്നു. |

| | | | |
|---|---|---|---|
| സി) | 2016 മെയ് 1 ന് ശേഷം നാളിതുവരെ പ്രസ്തുത പദ്ധതിയിൽ നിന്നും ബാങ്കുകൾ മുഖേന വായ്പയായി എത്രപേർക്ക് ആകെ എത്ര തുക നൽകിയെന്നറിയിക്കാമോ ? | സി) | ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ അനുവദിക്കുന്നത് സംബന്ധിച്ച അറിയിപ്പുകൾ കൃത്യമായി ലഭിക്കാറില്ല. എന്നിരുന്നാലും സബ്സിഡി തുക ആവശ്യപ്പെട്ടുകൊണ്ടുള്ള ബാങ്കുകളുടെ കത്തുകളിൽ നിന്നും 2016 മെയ് ഒന്നിന് ശേഷം നാളിതുവരെ (2016-17- 2017-18) സാമ്പത്തിക വർഷങ്ങളിൽ ) 47.22 കോടി രൂപ നോർക്ക റൂട്ട്സുമായി സഹകരിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പയായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ